"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്ന മെറ്റീരിയൽ ഘടകത്തിന്റെ അനുപാതം പുനർനിശ്ചയിച്ച ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(കൈ) നം.91/2025/LSGD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-
1. സ.ഉ.(കൈ)നം.287/2006/ത.സ്വ.ഭ.വ തീയതി 16.12.2006
2. സ.ഉ.(സാധാ)നം.334/2012/ത.സ്വ.ഭ.വ തീയതി 02.02.2012.
3. സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 14.08.2024-ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.3.3
4. സ.ഉ.(കൈ)നം.51/2025/ത.സ്വ.ഭ.വ തീയതി 16/03/2025
5. MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 26.04.2025-ലെ NREGA/319/2025-D1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിക്കാവുന്ന തുക പരാമർശം (1), പരാമർശം (2) ഉത്തരവുകൾ പ്രകാരം ആകെ ചെലവിന്റെ 10 ശതമാനമായി നിജപ്പെടുത്തിയിരുന്നു. സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മേൽ പറഞ്ഞ നിബന്ധനയിൽ ഇളവ് നൽകിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ, പരാമർശം (4) ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ മെറ്റീരിയൽ ചെലവ്/മെറ്റീരിയൽ ഘടകം എന്നതിൽ അവ്യക്തത നിലനിൽക്കുന്നത് ജീവനക്കാർക്കിടയിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട് എന്നും ആകെ ചെലവിന്റെ 30% തുകയാണോ അതോ മെറ്റീരിയൽ ചെലവിന്റെ 30% തുകയാണോ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തത ആവശ്യമുണ്ടെന്നും ആയതിനാൽ പ്രസ്തുത ഉത്തരവിൽ വ്യക്തത വരുത്തി "മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ മെറ്റീരിയൽ ഘടകം 40%-ൽ അധികരിക്കരുത് എന്ന നിബന്ധനയോടെ ആകെ ചെലവിന്റെ 10% തുക മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിന് ആനുപാതികമായി ആകെ ചെലവിന്റെ 30% വരെ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കാം" എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (5) പ്രകാരം MGNREGA സ്റ്റേറ്റ് മിഷൻ ഡയറക്ടർ

അഭ്യർത്ഥിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർവ്വഹണോദ്യോഗസ്ഥരുടെ ഇടയിൽ ആശയക്കുഴപ്പം നിലനിൽക്കുന്ന സാഹചര്യം പരിഗണിച്ച്, പരാമർശം (5) ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (4) ഉത്തരവിന്റെ അവസാന ഖണ്ഡികയിലെ "ഗ്രാമ പഞ്ചായത്ത് തലത്തിൽ മെറ്റീരിയൽ ഘടകം നാല്പത് ശതമാനത്തിൽ (40%) അധികരിക്കരുത് എന്ന നിബന്ധനയോടെ, മെറ്റീരിയൽ ഘടകത്തിന്റെ പത്ത് ശതമാനം (10%) തുക നിർബന്ധമായും മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിച്ചിരിക്കണമെന്ന വ്യവസ്ഥയിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ ആകെ മെറ്റീരിയൽ ചെലവിന്റെ മുപ്പത് ശതമാനം (30% ) വരെ തുക റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തുകൾക്കു അനുമതി നൽകി ഉത്തരവാകുന്നു" എന്ന ഭാഗം ചുവടെ ചേർക്കുന്ന വിധത്തിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു;

"മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഗ്രാമപഞ്ചായത്ത് തലത്തിൽ, മെറ്റീരിയൽ ഘടകം 40%-ൽ അധികരിക്കരുത് എന്ന നിബന്ധനയോടെ ആകെ ചെലവിന്റെ 10% തുക മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിന് ആനുപാതികമായി ആകെ ചെലവിന്റെ 30% വരെ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കാം"

4. മേൽ ഭേദഗതിയോടെ പരാമർശം (4) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

ജോയിന്റ് സെക്രട്ടറി

To:

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

അഡ്വ.പി.ടി.എ. റഹിം MLA (കുന്ദമംഗലം) (with C/L)

എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 04-06-2025 10:41:28
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.